MAR REMIGIOSE INCHANANIYIL
**Bishop of Thamarassery**


സർക്കുലർ 12/2025

## കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത്

പ്രിയ കുഞ്ഞുമക്കളേ,

എല്ലാവർക്കും സുഖമെന്നുകരുതുന്നു. അവധിക്കാലം എങ്ങനെ ഉണ്ടായിരുന്നു? വളരെ സന്തോഷപൂർമായ ഒരു അവധിക്കാലം തീർന്നുപോയല്ലേ! നല്ല അവധിക്കാലം തന്ന ദൈവത്തിന് പ്രത്യേകം നന്ദി പറയാം. 2025-26 അധ്യയന വർഷത്തിലേക്ക് നമ്മൾ പ്രവേശിച്ചുകഴിഞ്ഞല്ലോ. ഓരോ പുതിയ അധ്യയന വർഷവും സന്തോഷത്തിന്റെയും പ്രത്യാശയുടേതുമാണെന്ന് നമുക്കറിയാം. കഴിഞ്ഞവർഷം ദൈവം നൽകിയ നന്മകളെ ഓർത്തെല്ലാം ദൈവത്തിന് നന്ദി പറയുകയും അടുത്തവർഷവും ഏറ്റവും മനോഹരമാകുവാൻ നമുക്കൊരുമിച്ച് പരിശ്രമിക്കുകയും ചെയ്യാം. സ്കൂളിലും അതുപോലെ വിശ്വാസപരിശീലന മേഖലകളിലും വളരെ ശ്രദ്ധയോടെ ആയിരുന്ന് ഉന്നതവിജയം നേടുവാൻ നമുക്ക് സാധിക്കണം. നല്ല ലക്ഷ്യബോധം ഉണ്ടെങ്കിൽ അത് നമുക്ക് സാധിക്കും. "പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; അതു ലഭിക്കുകതന്നെ ചെയ്യും" (മർക്കോ 11,24), എന്ന് ഈശോ നമുക്ക് വാഗ്ദാനം നൽകുന്നുണ്ട്. വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷം ആരംഭിക്കുമ്പോൾ ക്രിസ്തുവിനെയും അവന്റെ മൗതികശരീരമായ സഭയെയും ആഴത്തിൽ മനസ്സിലാക്കുവാനും വിശ്വാസത്തിൽ അടിയുറക്കുവാനുമുള്ള വലിയ അവസരം തുറക്കപ്പെടുകയാണ്. 'Well begun is half done' എന്നാണല്ലോ ചൊല്ല്. ഏതൊരു കാര്യവും നന്നായി ആരംഭിക്കുവാൻ സാധിച്ചാൽ വിജയം സ്വന്തമാക്കാൻ എളുപ്പമാണ്.

ഉൽപ്പത്തി പുസ്തകത്തിലെ പൂർവ്വ യൗസേപ്പിനെ നിങ്ങൾക്ക് പരിചയമുണ്ടോ? യാക്കോബിന്റെ പ്രിയപ്പെട്ട പുതനായിരുന്നു യൗസേപ്പ്. അവൻ പിതാവിനെ വളരെയധികം സ്നേഹിച്ചിരുന്നു. എന്നാൽ അവന്റെ സഹോദരന്മാർക്ക് അവനോട് അസൂയ ആയിരുന്നു. അവനെ പൊട്ടക്കിണറ്റിൽ പിടിച്ചിടുകയും ഈജിപ്തിലെ വ്യാപാരികൾക്ക് അടിമയായി വിൽക്കുകയും ചെയ്തു. അവൻ അവിടെ കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. എന്നാൽ യൗസേപ്പ് തളർന്നില്ല. ദൈവം അവനെ ഈജിപ്തിലെ ഫറവോയുടെ പ്രധാന മന്ത്രിയായി ഉയർത്തി. വരൾച്ചയുടെ കാലത്ത് എല്ലാ ജനങ്ങൾക്കും ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ അവൻ നടപ്പിൽ വരുത്തുകയും ചെയ്തു. ഈ പൂർവ്വ യൗസേപ്പ് നമ്മുടെ മുമ്പിൽ ഒരു മാതൃകയാണ്. പൂർവ്വ യൗസേപ്പിന്റെ ജീവിതത്തിൽ വിളങ്ങിയ ഗുണവിശേഷങ്ങൾ അദ്ദേഹത്തിന്റെ ജീവിത വിജയത്തിൽ നിർണായക പങ്കുവഹിച്ചു.

1. എങ്ങനെയാണ് യൗസേപ്പ് മാതാപിതാക്കളുടെ പ്രിയ പുത്രനായി തീർന്നത് എന്ന് നിങ്ങൾക്കറിയാമോ? അത് അവൻ മാതാപിതാക്കളെ ബഹുമാനിക്കുകയും അവരെ അനുസരിക്കുകയും ചെയ്തതു കൊണ്ടാണ്. മാതാപിതാക്കളെയും അധ്യാപകരെയും നിങ്ങൾ നന്നായി സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യണം. അതു ദൈവം നൽകിയ കല്പനയാണ്, ദൈവാനുഗ്രഹം ലഭിക്കുന്ന വഴിയുമാണ്. മാതാപിതാക്കളോടുള്ള സ്നേഹം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ അവരെ സ്നേഹിച്ചും അനുസരിച്ചും നിങ്ങൾ ഒരോരുത്തരും മാതൃകയായി മാറണം.


Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com

2. യൗസേപ്പിന് ദൈവീകജ്ഞാനം ഉണ്ടായിരുന്നോ? ഉണ്ടായിരുന്നു! 'ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം'(സുഭാ 9,10). എപ്പോഴും ദൈവസ്നേഹത്തിൽ ജീവിച്ച വ്യക്തിയായിരുന്നു പൂർവ്വ യൗസേപ്പ് ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം നൽകുന്ന സമ്മാനമാണ് ജ്ഞാനം. ജ്ഞാനിയായ വ്യക്തിക്കാണ് ജീവിതത്തിൽ ശരിയായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കുക. ദാവീദ് രാജാവിന്റെ മകനായ സോളമൻ രാജാവിന് ദൈവം ജ്ഞാനം നൽകിയാണല്ലോ അനുഗ്രഹിക്കുന്നത്. സോളമന്റെ പ്രാർത്ഥനപോലെ 'ദൈവമേ, നിന്റെ ജ്ഞാനംകൊണ്ട് എന്നെ നിറക്കണമെ' എന്ന് അനുദിനം നിങ്ങൾ ആഗ്രഹത്തോടെ പ്രാർത്ഥിക്കണം.

3. പൂർവ്വ യൗസേപ്പിന് സഹോദരങ്ങളോട് വെറുപ്പ് ഉണ്ടായിരുന്നോ? ഒരിക്കലുമില്ല. അവൻ അവരെ വളരെയധികം സ്നേഹിച്ചു. വചനം നമ്മെ ഓർമിപ്പിക്കുന്നു: 'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല' (1 യോഹ4,20). ദൈവ സ്നേഹവും സഹോദരസ്നേഹവും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ പോലെയാണ്. അതുകൊണ്ട് സഹോദരങ്ങളെയും കൂട്ടുകാരെയും സ്നേഹിച്ചുകൊണ്ടു കൂടിയാണ് ദൈവത്തെ സ്നേഹിക്കേണ്ടത്. എല്ലാവരെയും സ്നേഹിക്കാനും ആരോടെങ്കിലും ദേഷ്യം ഉണ്ടെങ്കിൽ അവരോട് ക്ഷമിക്കാനുമുള്ള പുത്തൻ തീരുമാനങ്ങൾ ഈ അധ്യായന വർഷാരംഭത്തിൽ തന്നെ നമുക്കെടുക്കാം.

4. ദൈവം അവന് നല്ല ലക്ഷ്യബോധം നൽകി. സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ അവനു മനസ്സുണ്ടായിരുന്നു. നിങ്ങളെല്ലാവരും സമൂഹത്തിന്റെ ഭാഗമല്ലേ? അതുകൊണ്ട് സഭയുടെ നിയമങ്ങളോടും പൊതുനിയമങ്ങളോടും അനുസരണം ഉള്ളവരായിരിക്കണം. ഞാൻ നന്നായാൽ എന്റെ സമൂഹവും നന്നാവും. ഈ ഒരു ലക്ഷ്യബോധം എപ്പോഴും നിങ്ങളുടെ ഉള്ളിലുണ്ടാകണം. അപ്പോൾ നിങ്ങളിലൂടെ എല്ലാവരും അനുഗ്രഹിക്കപ്പെടും.

5. യൗസേപ്പിന്റെ ജീവിതത്തിൽ പ്രതിസന്ധികൾ വന്നപ്പോൾ എന്താണ് ചെയ്തത്? അവൻ ഒളിച്ചോടിയോ? ഇല്ല. മറിച്ച് ധീരത യോടെ ദൈവത്തെ കൈപിടിച്ച് അവയെ നേരിട്ടു വിജയിച്ചു. നമ്മുടെ ജീവിതത്തിലും പ്രതിസന്ധികൾ ഉണ്ടാകാം, ബുദ്ധിമുട്ടുകൾ അനുഭവപ്പെടാം പക്ഷേ തളർന്നു പോകരുത്. പൊട്ടക്കിണറ്റിൽ പിടിച്ചിട്ടപ്പോഴോ ജയിലിൽ ആയിപ്പോഴോ പൂർവ്വ യൗസേപ്പ് തളർന്നില്ലല്ലോ. അവൻ നമുക്കൊരു പ്രചോദനമാണ്. പ്രതിസന്ധികൾ ജീവിതത്തിന്റെ ഒരു ഭാഗമാണ്. അത്തരം സാഹചര്യങ്ങളിൽ പ്രാർത്ഥിച്ചു ശക്തിപ്പെടണം. യൗസേപ്പ് പ്രാർത്ഥനയിൽ എങ്ങനെയായിരുന്നു? അവൻ ദൈവത്തിൽ ആശ്രയിച്ചു. അങ്ങനെ പ്രതിസന്ധികളെ നേരിട്ടു. ഏശയ്യ 41, 10-13 നിങ്ങൾ എല്ലാരും മനഃപാഠമാക്കണേ. നിങ്ങൾക്ക് ബുദ്ധിമുട്ടുകൾ വരുമ്പോൾ ഇതു വായിച്ച് നിങ്ങൾ ശക്തിപ്പെടണം.

6. പൂർവ്വ യൗസേപ്പ് പാപം ചെയ്തോ? ഇല്ല. പാപ സാഹചര്യങ്ങൾ ഉണ്ടായിരുന്നു. അവൻ അതിനെ ധാർമ്മികമായി നേരിട്ടു. ഒരിക്കലും പാപം ചെയ്യാൻ പരിശ്രമിച്ചില്ല എന്ന് മാത്രമല്ല പാപസാഹചര്യങ്ങളെ അകറ്റിനിർത്തുന്നതിൽ വിജയിക്കുകയും ചെയ്തു. നമ്മടെ ചുറ്റിലും മദ്യം, മയക്കുമരുന്ന്, തെറ്റായ ബന്ധങ്ങൾ... തുടങ്ങിയ പാപങ്ങളും സുവിശേഷ മൂല്യങ്ങൾക്ക് എതിരായ തിന്മകളും പ്രലോഭനങ്ങളായുണ്ട്. "എല്ലാം എനിക്ക് സാധിക്കുമെങ്കിലും എല്ലാം എനിക്ക് നന്നല്ല" (1കോറി 10, 23) എന്ന് പൗലോസ് ശ്ലീഹ മുന്നറിയിപ്പ് നൽകുന്നു. പ്രലോഭനങ്ങൾ മുമ്പിൽ നിൽക്കുമ്പോൾ അവയോട് 'നോ' പറയാൻ നിങ്ങക്ക് സാധിക്കണം. അത് ശക്തിയുള്ളവരുടെ ലക്ഷണമാണ്. ശക്തരാണ് സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്നത്. പാപത്തെ ഉപേക്ഷിച്ച് യൗസേപ്പിനെപോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

**MAR REMIGIOSE INCHANANIYIL**

**Bishop of Thamarassery**

7. യൗസേപ്പ് ഒരു അഹങ്കാരിയായിരുന്നില്ലേ? അല്ലേയല്ല, അവൻ എളിമയുള്ളവനായിരുന്നു. ഫറവോയുടെ പ്രധാനമന്ത്രി ആയപ്പോൾ എളിമയോടെ ജനനന്മയെ കരുതി പദ്ധതികൾ അവൻ ആവിഷ്കരിച്ചു. മദർ തെരേസ പറയുന്നു: "എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനം എളിമയാണ്". നമ്മുടെ മുമ്പിലും ഒത്തിരിയേറെ അവസരങ്ങൾ കടന്നുവരാറില്ലേ? നിങ്ങൾ അത് ഉപയോഗപ്പെടുത്താറുണ്ടോ? ചിലപ്പോൾ നന്മ ചെയ്യാൻ ആയിരിക്കാം അല്ലെങ്കിൽ ഒരാളെ സഹായിക്കാൻ ആയിരിക്കാം അതുമല്ലെങ്കിൽ ഒരാൾക്ക് അറിവില്ലാത്ത കാര്യത്തെപ്പറ്റി പറഞ്ഞു കൊടുക്കാനായിരിക്കാം. ഈ അവസരങ്ങൾ പാഴാക്കാതെ പ്രയോജനപ്പെടുത്തേണ്ടത് ദൈവമക്കളായ നമ്മുടെ കടമയാണ്. ഇത്തരം കാര്യങ്ങൾ ചെയ്ത് നമുക്ക് എളിമയുള്ളവർ ആയിരിക്കാം.

പൂർവ്വ യൗസേപ്പിന്റെ ജീവിതത്തിലെ ഈ നന്മകൾ സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ അധ്യയന വർഷത്തിൽ പുതിയ തീരുമാനങ്ങൾ എടുത്തുകൊണ്ട് നന്നായി തുടങ്ങാം. എല്ലാവർക്കും ഫലദായകമായ ഒരു അധ്യയന വർഷം ആശംസിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന നിങ്ങളുടെ പിതാവ്,

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2025 ജൂൺ 1 ഞായറാഴ്ച കുട്ടികൾക്കുള്ള വി. കുർബാന മധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com